3754
31/3/15

# കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതിവകുപ്പ്-അംഗപരിമിത സെൻസസ് 2014-15-സാമ്പത്തികാധികാരങ്ങൾ-സാമൂഹ്യനീതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് പകരം സ്പെഷ്യൽ സെക്രട്ടറിയ്ക്ക് നൽകി ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ഡി)വകുപ്പ്

സ.ഉ(സാധാ)നം.196/2015/സാ.നീതി.വ തിരുവനന്തപുരം, തീയതി 28.3.2015

---

പരാമർശം-1. 4.2.2015 ലെ സ.ഉ(സാധാ)നം.59/2015/സാ.നീ.വ ഉത്തരവ്

2.അംഗപരിമിത സെൻസസ് സ്പെഷ്യൽ ഓഫീസറുടെ 18.3.2015 ലെ 18/DC/KSSM/2015 നമ്പർ കത്ത്.

## ഉത്തരവ്

കേരളത്തിലെ അംഗപരിമിതരുടെ സെൻസസ് നടത്തുന്നതിനായി പരാമർശം ഒന്നു പ്രകാരം നിർദ്ദേശങ്ങളും ഉത്തരവുകളും പുറപ്പെടുവിച്ചിരുന്നു.

2. പ്രസ്തുത ഉത്തരവിൽ സാമൂഹ്യനീതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ, സ്പെഷ്യൽ ഓഫീസർ, അക്കൌണ്ട്സ് ഓഫീസർ എന്നിവരുടെ പേരിൽ പ്രത്യേക ജോയിന്റ് അക്കൌണ്ട് തുടങ്ങി സെൻസസ് ചെലവുകൾക്കു വേണ്ടി വരുന്ന തുക നിക്ഷേപിക്കേണ്ടതാണെന്നും അഞ്ചു ലക്ഷത്തിനു മുകളിൽ 75 ലക്ഷം രൂപ വരെയുള്ള ചെലവുകൾ അനുവദിക്കാനുള്ള അധികാരം സംബന്ധിച്ച് പ്രസ്തുത തുകയ്ക്ക് ചെക്കുകൾ അഡീഷണൽ ചീഫ് സെക്രട്ടറിയും എക്സിക്യൂട്ടീവ് ഡയറക്ടറും സംയുക്തമായി ഒപ്പു വയ്ക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ നിലവിൽ സാമൂഹ്യനീതി വകുപ്പു സെക്രട്ടറിയുടെ പൂർണ്ണ ചുമതല സ്പെഷ്യൽ സെക്രട്ടറിക്ക് നൽകി ഉത്തരവായിട്ടുള്ളതിനാൽ മേൽപ്പറഞ്ഞ നിർദ്ദേശങ്ങളിലെ അഡീഷണൽ ചീഫ് സെക്രട്ടറിക്ക് നൽകിയിട്ടുള്ള ചുമതലകൾ സ്പെഷ്യൽ സെക്രട്ടറിക്ക് മാറ്റി നൽകണമെന്ന് അഡീഷണൽ ചീഫ് സെക്രട്ടറി നിർദ്ദേശിച്ചിട്ടുള്ളതിനാൽ പരാമർശം ഒന്നിലെ ഉത്തരവിൽ ടി ഭേദഗതി വരുത്തുവാൻ പരാമർശം രണ്ട് കത്ത് പ്രകാരം അംഗപരിമിത സ്പെഷ്യൽ ഓഫീസർ ആവശ്യപ്പെട്ടിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒന്ന് ഉത്തരവിലെ രണ്ടാം ഖണ്ഡികയിലെ ഒൻപതാം ഇനത്തിലെ Additional Chief Secretary-Social Justice Department എന്നത് Special Secretary-Social Justice Department എന്നും പത്താം ഇനത്തിലെ മൂന്നാം ഉപ ഖണ്ഡത്തിൽ താഴെ പറയുന്ന വിധത്തിൽ ഭേദഗതി വരുത്തിയും ഇതിനാൽ ഉത്തരവാകുന്നു.

| | |
|---|---|
| 3. സ്പെഷ്യൽ സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ് | അഞ്ച് ലക്ഷത്തിനു മുകളിൽ 75 ലക്ഷം രൂപ വരെയുള്ള ചെലവുകൾ അനുവദിക്കാനുള്ള അധികാരം<br>പ്രസ്തുത തുകയ്ക്കുള്ള ചെക്കുകൾ സ്പെഷ്യൽ സെക്രട്ടറിയും എക്സിക്യൂട്ടീവ് ഡയറക്ടറും സംയുക്തമായി ഒപ്പുവയ്ക്കേണ്ടതാണ്. |

4. പരാമർശം ഒന്നിലെ ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
കെ.എം.എബ്രഹാം
അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ വകുപ്പ മേധാവികൾക്കും
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്
സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്
സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്
ശ്രീ.ജി.വിജയരാഘവൻ, മെമ്പർ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം
സംസ്ഥാന വികലാംഗകമ്മീഷണർ, പൂജപ്പുര, തിരുവനന്തപുരം
ഡയറക്ടർ, ഹെൽത്ത് സർവ്വീസസ്, തിരുവനന്തപുരം
ഡയറക്ടർ ജനറൽ, എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, നിഷ്, കരിമണൽ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാമിഷൻ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള വികലാംഗ ക്ഷേമ കോർപ്പറേഷൻ, തിരുവനന്തപുരം
സ്പെഷ്യൽ ഓഫീസർ, ഡിസെബിലിറ്റി സെൻസസ്, കേരള സാമൂഹ്യസുരക്ഷാ മിഷൻ, പൂജപ്പുര, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ